# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2109 — 11/03/2020 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്ക് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ചെറുകിട പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിയ്ക്ക് കുടുംബശ്രീയുടെ സഹായത്തോടെയുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; | (എ) പരമ്പരാഗത കൈത്തറി വ്യവസായങ്ങളുടെ പുരോഗതിക്ക് കുടുംബശ്രീയെ ഉൾപ്പെടുത്തി 'യുവാവീവ് ' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) ഓരോ പ്രദേശത്തിന്റെയും തനത് പരമ്പരാഗത വ്യവസായങ്ങളെ ദുർബ്ബല വിഭാഗങ്ങളുടെ വരുമാനദായക മേഖലയാക്കുന്നതിന് സമഗ്രപദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ? | (ബി) പരമ്പരാഗത കരകൗശല വ്യവസായ മേഖലയിൽ പണിയെടുക്കുന്നവർ അധികവും ദുർബ്ബല വിഭാഗത്തിൽപ്പെടുന്നവർ ആണ്. കരകൗശല മേഖലയെ പരിപോഷിപ്പിക്കുന്നതു വഴി അത്തരക്കാരുടെ തൊഴിൽ ദിനങ്ങളും വേതനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പദ്ധതികൾ ഈ മേഖലയിൽ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. മേഖലയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി ലഭ്യമാക്കുക, പുതിയ ഡിസൈനുകളും പരിശീലനവും നൽകുക തുടങ്ങിയ സഹായങ്ങൾ ഇവർക്ക് നൽകിവരുന്നു. ഇത്തരം പദ്ധതികളുടെ പ്രയോജനം ആത്യന്തികമായി ബന്ധപ്പെട്ട ജനവിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ട്. കൂടാതെ ഖാദി, കൈത്തറി മേഖലകളിൽ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുകയും നടപ്പിലാക്കി വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ